# ദി ഡിഫെൻഡർ

Vol. No. 8 Issue No. 21 RNI Reg. No. 68089 / 97 Published From Perumbavoor 2005 NOVEMBER 1


# കുര്യൻ പ്രശ്നം: ഐ.പി.സി. പുകയുന്നു

കെ.പി.കുര്യൻ പ്രശ്നത്തിൽ ഐ.പി.സി. പുകയുകയാണ്. എന്തും സംഭവിക്കാം എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

ഒരു ലോക്കൽ സഭയുടെ പാസ്റ്റർ മാത്രമായിരുന്ന കെ.പി.കുര്യനെ ടി.എസ്.ഏബ്രഹാമാണ് വളർത്തിക്കൊണ്ടു വന്നത്. ടി.എസ്.ബാലനെ ഒതുക്കാൻ ടി.എസ്.ഏബ്രഹാം കെ.പി.കുര്യനെ ഉപയോഗിച്ചു. പക്ഷേ ബാലൻ ഒതുങ്ങിയില്ലെന്നു മാത്രമല്ല കുര്യൻ കമ്പിളിക്കെട്ടുപോലെ പിടി മുറുക്കുകയും ചെയ്തു. മറ്റൊരു പോംവഴിയും ഇല്ലാതായപ്പോഴാണ് ടി.എസ്.ഏബ്രഹാം കുര്യനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കിയത്.

കുര്യനെ പുറത്താക്കിയ നടപടി അംഗീകരിച്ചു കിട്ടാൻ ഒക്ടോബർ 19ന് ടി.എസ്.ഏബ്രഹാം വിളിച്ചു കൂട്ടിയ ജനറൽ കൗൺസിൽ മീറ്റിംഗും അലങ്കോലമായി. കുര്യൻ ഹെബ്രോൻ കോമ്പൗണ്ടിൽ കടക്കുകപോലും ചെയ്യാതിരിക്കാൻ ടി.എസ്.ഏബ്രഹാം കാവൽക്കാരെ നിർത്തിയിരുന്നെങ്കിലും കുര്യൻ കൗൺസിൽ ഹാളിൽ എത്തി. പുറത്തു പോകാൻ ആവശ്യപ്പെട്ടിട്ടും പോയതുമില്ല. മാത്രമല്ല, ടി.എസ്.ഏബ്രഹാമിനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിക്കൊണ്ടുള്ള ഒരു കത്ത് കൗൺസിൽ അംഗങ്ങൾക്ക് വിതരണം നടത്തുകയും ചെയ്തു. (ഈ കത്ത് മൂന്നാം പേജിൽ വായിക്കാം). ഒടുവിൽ പോലീസിന്റെ സഹായത്തോടെയാണ് കുര്യനെ പുറത്താക്കിയത്.

ഇതുകൊണ്ടൊന്നും കുര്യൻ ഒതുങ്ങുന്ന മട്ടില്ല. സകല ശക്തിയും സംഭരിച്ച് തിരിച്ചടിക്കാനാണ് കുര്യൻ പദ്ധതിയിടുന്നത്. കേസ്സുകളുടെ ഒരു പരമ്പര തന്നെ ഉണ്ടാകും എന്ന് ഉറപ്പായിക്കഴിഞ്ഞു. മറ്റെന്തൊക്കെ ഉണ്ടാകുമെന്ന് കണ്ടുതന്നെ അറിയണം.

നവംബർ 6 മുതൽ കേരള സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം നടക്കേണ്ടതാണ്. ടി.എസ്.ഏബ്രഹാമിന്റെ വകയായ ഇന്ത്യാ ബൈബിൾ കോളേജ് ഇതിനായി വിട്ടുകൊടുക്കാമെന്ന് ടി.എസ്. ഏബ്രഹാം സമ്മതിച്ചിട്ടുമുണ്ട്. പക്ഷേ കെ.പി.കുര്യൻ എത്തിയാൽ ടി.എസ്.ഏബ്രഹാം പിണങ്ങും. കോളേജ് കൊടുത്തില്ലെന്നും വരാം.

കേരള സ്റ്റേറ്റ് കൗൺസിലിന്റേയോ പ്രെസ്ബിറ്ററിയുടെയോ മീറ്റിംഗ് നടന്നാലും കുര്യൻ ഹാജരുണ്ടാകും. കുര്യനെ ഇറക്കി വിടുക എന്നത് അത്ര എളുപ്പമല്ല. ഇറക്കി വിടാതെ മീറ്റിംഗ് നടത്താനും പറ്റില്ല. ഭാരവാഹികൾ കുഴയും എന്നു തീർച്ച.

തിരുവല്ല സെന്ററിലെ സ്ഥിതി പരമ ദയനീയമാണ്. കെ.സി.ജോണാണ് സെന്റർ പാസ്റ്റർ എന്ന് പറയാറുണ്ടെങ്കിലും കുര്യനാണ് ഡി ഫാക്ടോ സെന്റർ പാസ്റ്റർ. കുര്യനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കി എന്ന വാർത്ത മനോരമയിൽ വന്ന ദിവസം അതേ പത്രത്തിന്റെ തന്നെ മറ്റൊരു പേജിൽ കുര്യൻ കല്ലിങ്കൽ ഐ.പി.സിയുടെ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുന്ന വാർത്തയും വന്നിരുന്നു. ഇതാണ് തിരുവല്ലയിലെ സ്ഥിതി. ഈ സെന്ററിൽ എന്തു നടന്നാലും കുര്യൻ ഹാജരുണ്ടാകും. രണ്ടും കെട്ട കെ.സി. ജോണിന് വായ് തുറക്കാനുള്ള ധൈര്യം ഉണ്ടാകുകയുമില്ല.

കുമ്പനാട് കൺവെൻഷനു മുൻപ് പ്രശ്നം തീർന്നില്ലെങ്കിൽ എന്തൊക്കെ നടക്കുമെന്ന് കണ്ടുതന്നെ അറിയണം. കുര്യൻ സ്റ്റേജിൽ തന്നെ ഉണ്ടാകും. യോഗം അലങ്കോലമാകാൻ അതു മതിയല്ലോ.

ബാലനെ ഒതുക്കാൻ കുര്യനെ വളർത്തിക്കൊണ്ടു വന്നപ്പോൾ അത് ഇത്ര വലിയ ഒഴിയാബാധ ആകുമെന്ന് ടി.എസ്.ഏബ്രഹാം കരുതിയിരുന്നില്ല. മുടിയാൻ നേരത്ത് ചാത്തനേം കേറ്റി എന്നു പറഞ്ഞതുപോലെയായി സ്ഥിതി. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് ടി.എസ്.ഏബ്രഹാമിന്റെ അരമന രഹസ്യങ്ങളെല്ലാം കുര്യൻ അറിഞ്ഞു കഴിഞ്ഞു. അവയെല്ലാം ഏറെ താമസിയാതെ അങ്ങാടിപ്പാട്ടാകും. (ഏറെ താമസിയാതെ കുര്യന്റെ പത്രം പുറത്തുവരും). ടി.എസ്.ഏബ്രഹാം കഴിഞ്ഞ കാലങ്ങളിൽ വിതച്ചതെല്ലാം ഈ ദിവസങ്ങളിൽ കൊയ്യും.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: നാലാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ നാലാമത്തേത് തയ്യാറായി വരുന്നു. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

മൂന്നാമത്തെ സി.ഡി. പുറത്തിറങ്ങി. പണം അടച്ചവർക്ക് സി.ഡി. അയച്ചുകൊണ്ടിരിക്കുന്നു. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിൽ ഉള്ളത്. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി. ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ മൂന്നു സി.ഡികൾക്ക് 300 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ 8-ാം പേജിൽ). വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

# നവംബർ ഒന്ന്: വഞ്ചനയുടെ ഒന്നാം വാർഷികം


കെ.സി.ജോൺ (ചെയർമാൻ)


മാത്യൂസ് ചാക്കോ (എം.ഡി.)

നവംബർ ഒന്ന് കേരളപ്പിറവി ദിനമാണ്. അതോടൊപ്പം ഒരു തട്ടിപ്പിന്റെ ഒന്നാം വാർഷിക ദിനവുമാണ്. കുപ്രസിദ്ധ ദുർന്നടപ്പുകാരനായ കെ.സി.ജോൺ, വലഞ്ഞ നീതിമാനായ മാത്യൂസ് ചാക്കോ എന്നിവരുടെ നേതൃത്വത്തിൽ 2004 നവംബർ ഒന്നിന് രണ്ടു ടി.വി. ചാനൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച് പണം പിരിച്ച് ജനവഞ്ചന നടത്തിയതിന്റെ ഒന്നാം വാർഷികം.

ടി.വിയിൽ പ്രസംഗിച്ച് ഷൈൻ ചെയ്യണമെന്ന മോഹം കെ.സി.ജോണിനെ പിടികൂടിയിട്ട് കാലം കുറെ ആയി. മിറക്കിൾ നെറ്റിൽ ഏതാനും മാസങ്ങൾ പ്രസംഗിക്കയും ചെയ്തു. സ്വന്തമായി ഒരു ചാനൽ ഉണ്ടായാൽ മൃഷ്ടാന്നമായി പ്രസംഗിച്ച് ഷൈൻ ചെയ്യാം എന്ന പ്രതീക്ഷയിലാണ് ഇറങ്ങിപ്പുറപ്പെട്ടത്. കെ.സി.ജോൺ പറഞ്ഞതെല്ലാം വിശ്വസിച്ച് മാത്യൂസ് ചാക്കോയും പുലിവാല് പിടിച്ചു. അങ്ങനെയാണ് 2004 നവംബർ ഒന്നിന് രണ്ടു ചാനൽ വരും എന്ന് പ്രഖ്യാപിച്ചത്. പിന്നീട് അത് ഒന്ന് എന്നാക്കി. ഇപ്പോൾ ഒന്നുമില്ല.

ബാലന്റെ ശല്യം കാരണം എങ്ങനെയെങ്കിലും ഒരു ചാനൽ തുടങ്ങാൻ അശ്രാന്ത പരിശ്രമം ചെയ്യുകയാണ് കെ.സി.യും കൂട്ടരും. കുറെ ചപ്പുചവറുകൾ റിക്കാഡ് ചെയ്തിട്ടുമുണ്ട്. പക്ഷേ, ഇതുകൊണ്ടൊന്നും ചാനൽ തുടങ്ങാൻ പറ്റില്ലെന്ന് ഇപ്പോഴാണ് അറിയുന്നത്.

എത്ര കഷ്ടപ്പെട്ടിട്ടായാലും കെ.സി.ജോൺ ചാനൽ തുടങ്ങുമെന്നു തീർച്ച. ഏതാനും മാസങ്ങൾ അത് നടത്തുകയും ചെയ്യും. അതു കഴിഞ്ഞ്, സകല പെന്തക്കോസ്തുകാർക്കും നാണക്കേടുണ്ടാക്കിക്കൊണ്ട് ചാനൽ അന്ത്യ ശ്വാസം വലിക്കും.

# ടി.എസ്.ഏബ്രഹാമിനെ കെ.പി.കുര്യൻ പുറത്താക്കി

കടുവയെ കിടുവ പിടിച്ചു എന്നു പറഞ്ഞതുപോലെ, കെ.പി.കുര്യൻ ടി.എസ്.ഏബ്രഹാമിനെ പുറത്താക്കി. ഈ നൂറ്റാണ്ടിലെ ഏറ്റവും നല്ല തമാശയ്ക്ക് ഒരു അവാർഡ് ഉണ്ടെങ്കിൽ അത് ഈ സംഭവത്തിന്റെ സൂത്രധാരൻമാർക്ക് നൽകണം.

ഒക്ടോബർ 15 എന്ന് തീയതി വെച്ച് ഒക്ടോബർ 19ന് കെ.പി.കുര്യൻ ഐ.പി.സി. ജനറൽ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്ത കത്തിലാണ് പുറത്താക്കൽ വിവരം ഉള്ളത്. ഐ.പി.സി. കേരള സ്റ്റേറ്റ് പാസ്റ്റേഴ്സ് ബോർഡിന്റെ സെക്രട്ടറി എന്ന അധികാരം ഉപയോഗിച്ചാണ് കുര്യൻ ടി.എസ്.ഏബ്രഹാമിനെ പുറത്താക്കിയിരിക്കുന്നത്. ഐ.പി.സി. കുമ്പനാട് സെന്റർ പാസ്റ്ററായ ടി.എസ്.ഏബ്രഹാം കേരള സ്റ്റേറ്റ് കൗൺസിലിന്റെ കീഴിലാണ് എന്ന് സാങ്കേതികമായി പറയാം. ഈ ന്യായം ചൂണ്ടിക്കാട്ടിയാണ് കുര്യന്റെ നടപടി.

പാസ്റ്റേഴ്സ് ബോർഡിന് ഒരു സെന്റർ പാസ്റ്റർക്കെതിരെ നടപടി എടുക്കാൻ അധികാരമുണ്ടോ? ഉണ്ടെങ്കിൽ പാസ്റ്റേഴ്സ് ബോർഡിന്റേയോ അതിന്റെ പ്രസിഡന്റിന്റെയോ അറിവും സമ്മതവും കൂടാതെ ഒരു സെന്റർ പാസ്റ്റർക്കെതിരെ നടപടി എടുക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടോ? ഇങ്ങനെ ചോദ്യങ്ങൾ നിരവധി. പക്ഷേ, ഈ നിയമപ്രശ്നങ്ങളൊന്നും കെ.പി.കുര്യനെ അലട്ടുന്നില്ല. ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്. ഏബ്രഹാമിനെ ആമല്ലൂർ സഭയുടെ പാസ്റ്ററായ കുര്യൻ മഹറോൻ ചൊല്ലി പുറത്താക്കി. (എന്തതിശയമേ ......)

ഇതൊക്കെ സംഭവിക്കേണ്ടതുതന്നെ. സത്യം തുറന്നു പറയാൻ ധൈര്യം കാണിച്ചു എന്ന ഒറ്റത്തെറ്റിന് ടി.എസ്.ബാലനെ ടി.എസ്.ഏബ്രഹാം എത്രത്തോളം ദ്രോഹിച്ചു എന്ന് മാലോകർക്കറിയാം. കെ.പി.കുര്യനെ ഉപയോഗിച്ചാണ് അതെല്ലാം ചെയ്തത്. അതേ കുര്യനെ ടി.എസ്.ഏബ്രഹാം സഭയിൽ നിന്നും പുറത്താക്കി. ടി.എസ്. ബാലൻ ടി.എസ്. ഏബ്രഹാമിനെതിരെ പറഞ്ഞതെല്ലാം ആവർത്തിച്ചുകൊണ്ട് കുര്യൻ ടി.എസ്.ഏബ്രഹാമിനേയും പുറത്താക്കി. ടി.എസ്.ബാലന്റെ കണ്ണുനീരിന് ഫലമുണ്ടായി എന്നു ചുരുക്കം.

ദി ഡിഫെൻഡർ
Vol. No.8 Issue No. 21 2005 November 1

# അഹങ്കാരത്തിനും ഒരു അതിരൊക്കെ വേണം

അല്പം അഹങ്കാരം എല്ലാവർക്കും ഉണ്ടാകും. ആത്മവിശ്വാസം നിലനിർത്താൻ അത് ആവശ്യവുമാണ്. പക്ഷേ അഹങ്കാരം ഒരു അതിരിൽ അധികം ആയാൽ ജനം വകവെച്ചു തന്നില്ലെന്നു വരും. അഹങ്കാരം ഉണ്ടാകുന്നത് രാഷ്ട്രീയ പാർട്ടികൾക്കായാലും ഇതുതന്നെ ഗതി.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണം ഒന്നാംതരമാണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. പക്ഷേ, കേരളത്തിൽ ഭരണം നടത്തിയ ഒരു സർക്കാരും ഇവിടെ പാലും തേനും ഒഴുക്കിയിട്ടില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം അധികാരത്തിൽ വന്നാലും സ്ഥിതിക്ക് പറയത്തക്ക മാറ്റം ഉണ്ടാകുകയുമില്ല. യു.ഡി.എഫ്. ഭരണത്തേക്കാൾ മെച്ചമായ ഒരു ഭരണം കാഴ്ച വെയ്ക്കാൻ ഒരിക്കലും ഇടതുപക്ഷത്തിന് കഴിഞ്ഞിട്ടുമില്ല.

ഭരിക്കുന്ന പാർട്ടിയുടെ കൊടി ഏതു നിറത്തിലുള്ളതായാലും ഈ നാട്ടിൽ ലോക്കപ്പ് മരണങ്ങളും പോലീസ് അതിക്രമങ്ങളും ഒക്കെ നടന്നിട്ടുണ്ട്. സകല നിയന്ത്രണങ്ങളും വിട്ട് പോലീസ് കരുണകൂടാതെ അഴിഞ്ഞാടിയത് കരുണാകരൻ നാടുഭരിച്ചപ്പോഴാണ്. ഇതൊക്കെ മറന്നുകൊണ്ട് പ്രതിപക്ഷം നടത്തുന്ന കോലാഹലങ്ങൾ ലജ്ജാകരമാണ്.

ഉരുട്ടിക്കൊന്നതും ബിഷപ്പ് ഹൗസ് അക്രമിച്ചതും ഒക്കെ ഗുരുതരമായ കുറ്റമാണെന്നതിന് സംശയമില്ല. ഇത്തരം സംഭവങ്ങൾ ആദ്യമായല്ല നടക്കുന്നത്. രാജനെ ഉരുട്ടിക്കൊന്നവരെ സംരക്ഷിച്ചവർക്ക് ഇത്തരം സംഭവങ്ങൾക്കെതിരെ പ്രതികരിക്കാൻ അവകാശമില്ല.

ഭരണത്തിൽ ഇരിക്കുന്ന മുന്നണിക്കെതിരെ വോട്ടു ചെയ്യുക എന്നത് കേരളത്തിലെ ജനങ്ങൾ പതിവാക്കിയിരിക്കയാണ്. അതുകൊണ്ട് അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ജയിക്കും. പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഇടതുപക്ഷം ജയിക്കാൻ ഇതുതന്നെ കാരണം. പക്ഷേ, ലഭിച്ച വോട്ടിന്റെ ശതമാനം പരിശോധിച്ചാൽ ഇരു മുന്നണികളും തമ്മിൽ നേരിയ വ്യത്യാസം മാത്രമേ ഉള്ളൂ എന്ന് കാണാം. രണ്ടോ മൂന്നോ ശതമാനം വോട്ടർമാർ തിരിഞ്ഞു ചിന്തിച്ചാൽ ഇടതുപക്ഷത്തിന്റെ നില പരുങ്ങലിലാകും.

ഇടതുപക്ഷത്തിന്റെ ശബ്ദത്തിൽ കലർന്നിരിക്കുന്ന അഹങ്കാരം തിരിച്ചറിയാൻ പ്രാപ്തിയുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. കാലം അത് തെളിയിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ഇടതുപക്ഷവും അവരുടെ മറവിൽ ഡി.ഐ.സിയും ഏറെ അഹങ്കരിക്കാതിരിക്കുകയാണ് ബുദ്ധി.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങ വീണു എന്നു പറഞ്ഞതുപോലൊരു മഹാ ഭാഗ്യമാണ് പ്രതിപക്ഷത്തിന് വീണു കിട്ടിയിരിക്കുന്നത്. തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫിനെ ആക്രമിക്കാൻ പറ്റിയ വിഷയം കിട്ടാതെ വിഷമിച്ചിരിക്കുമ്പോഴാണ് തിരുവനന്തപുരത്തുതന്നെ അത്യുഗ്രൻ മൂന്നു വിഷയങ്ങൾ കിട്ടിയത്: ബിഷപ്പ് ഹൗസ് ആക്രമണവും ഉരുട്ടിക്കൊലയും ആശ്രമം ആക്രമണവും.

കേരളത്തിൽ ഒരു ബിഷപ്പ് ഹൗസ് ആക്രമിക്കപ്പെടുന്നത് ആദ്യമായാണെന്ന് കേൾക്കുന്നു. നേരായിരിക്കാം. പ്രതികളെന്ന് സംശയിക്കപ്പെടുന്നവരിൽ ഒരു കോൺഗ്രസ്സ് നേതാവുമുണ്ട്. ആനന്ദലബ്ധിക്കിനിയെന്തുവേണം. ബിഷപ്പ് ഹൗസ് ആക്രമിക്കാൻ ഉമ്മൻ ചാണ്ടി മേല്പടി പുള്ളികളെ ചട്ടംകെട്ടി വിട്ടു എന്ന രീതിയിലാണ് പ്രതിപക്ഷം ബഹളം കൂട്ടുന്നത്. തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഈ ബഹളം തുടരും.

ഉരുട്ടിക്കൊലയുടെ കാര്യവും ഇതുതന്നെ. ഉമ്മൻ ചാണ്ടിയുടെ നിർദ്ദേശപ്രകാരം പോലീസുകാർ ഉരുട്ടിയെന്നു തോന്നും ചിലരുടെയൊക്കെ പ്രസംഗം കേട്ടാൽ. ഉരുട്ടിന്റെ തലതൊട്ടപ്പനായ കരുണാകരന്റെ പ്രിയ പുത്രനും ബഹളക്കാരുടെ മുൻപന്തിയിൽ തന്നെയുണ്ട്. പ്രതികളെ പിടിച്ചിട്ടും തീരുന്നില്ല ബഹളം. ഉമ്മൻ ചാണ്ടിയുടെ പോലീസ് ഉരുട്ടിക്കൊന്നയാളുടെ ശവമെങ്കിലും കിട്ടി. കരുണാകരന്റെ പോലീസ് ഉരുട്ടിക്കൊന്ന രാജന്റെ ശവം പോലും കണ്ടുകിട്ടിയിട്ടില്ല.

ജയിലുകളിൽ കലാപം ഉണ്ടാകാൻ ഇടയുണ്ട് എന്ന റിപ്പോർട്ട് അടിസ്ഥാന രഹിതമാണെന്ന് പ്രതിപക്ഷം പറയുന്നു. ജയിലിൽ നിന്നും കണ്ടെടുത്ത ഇരുമ്പു ദണ്ഡ് നെല്ലുകുത്താൻ ഉപയോഗിക്കുന്ന ഉലക്കയാണെന്നും ശൂലം ഭക്തരായ തടവുകാരുടെ പൂജാവസ്തുവാണെന്നും കൂടി ദയവായി വ്യാഖ്യാനിക്കണം. മൊബൈൽ ഫോണും മറ്റും മാരകായുധങ്ങളാണെന്ന് ആരും പറയുകയുമില്ലല്ലോ. ചുരുക്കത്തിൽ തടവുകാർ നിഷ്ക്കളങ്കർ. പിന്നെ ആരാണ് കുറ്റം ചെയ്തത്? അത് പറയാനുണ്ടോ? സാക്ഷാൽ ഉമ്മൻ ചാണ്ടി.

ആശ്രമം ആക്രമിച്ചത് താനാണെന്ന് ഒരാൾ പറയുന്നു. പക്ഷേ, ഈ ചങ്ങാതി മാനസിക രോഗിയാണ്. എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവം ഉണ്ടെന്നും കേൾക്കുന്നു. അതുകൊണ്ടാണ് ആശ്രമം ആക്രമിച്ചത് താനാണെന്നും മുൻവൈരാഗ്യം കൊണ്ട് ചെയ്തതാണെന്നും പ്രതി പറയുന്നത്. ഏതായാലും പോലീസ് ഈ പ്രതിയെ പിടിച്ചിട്ടുണ്ട്. പക്ഷേ, അതു പോരാ എന്നാണ് ആശ്രമക്കാരും രാഷ്ട്രീയക്കാരും പറയുന്നത്. ഇനി ആരെയാണ് പിടിക്കേണ്ടതെന്നറിയാതെ കുഴയുകയാണ് പോലീസ്.

പി.സി.ജോർജിന്റെ പാർട്ടിയിൽ നിന്നും പി.സി.ജോർജിനെ പുറത്താക്കിയിരിക്കുന്നു. പണ്ട് ലോനപ്പൻ നമ്പാടന്റെ പാർട്ടിയിൽ നിന്നും ലോനപ്പൻ നമ്പാടനെ പുറത്താക്കിയതുപോലെയായിപ്പോയി ഇത്. കേരള കോൺഗ്രസ്സുകളിൽ ഇതിൽ അധികവും നടക്കും.

ലീഡർജിയുടെ പാർട്ടിയുമായി ഇടതുപക്ഷം ധാരണ ഉണ്ടാക്കുന്നതിനെ ഏറ്റവും അധികം എതിർത്ത ഘടകകക്ഷി ഏത്? സംശയം വേണ്ട, സി.പി.ഐ. തന്നെ. ഇന്ന് ഡി.ഐ.സിയുമായി ഏറ്റവും അധികം ഒട്ടിനിൽക്കുന്ന കക്ഷിയും സി.പി.ഐ. തന്നെ. ഇതെങ്ങനെ സംഭവിച്ചു? പാർലമെന്റ് ഉപതെരഞ്ഞെടുപ്പ് തന്നെ കാരണം. ഡി.ഐ.സി. ഇടതുപക്ഷത്തെത്തിയാൽ സി.പി.ഐക്ക് മുന്നണിയിലുള്ള (രണ്ടാം) സ്ഥാനം പോകും എന്നതായിരുന്നു എതിർപ്പിന്റെ കാരണം. പക്ഷേ, പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജയിക്കാൻ ഡി.ഐ.സിയുടെ സഹായം വേണം എന്ന തിരിച്ചറിവാണ് ഇപ്പോഴത്തെ സ്നേഹത്തിന്റെ കാരണം. തെരഞ്ഞെടുപ്പു കഴിഞ്ഞാൽ പഴയ എതിർപ്പ് പൂർവ്വാധികം ശക്തിയോടെ തുടർന്നെന്നും വരാം.

ഇടതുപക്ഷ സ്ഥാനാർത്ഥിയെ ജയിപ്പിച്ച് കൊടുക്കും എന്നാണ് ലീഡർജി പറയുന്നത്. ഡി.ഐ.സിയുടെ സഹായം കൂടാതെ ഒരു കക്ഷിക്കും ഇനി ഈ കേരളനാട്ടിൽ ജയിക്കാനുമാവില്ല എന്നും ലീഡർജി കൂട്ടിച്ചേർക്കുന്നു. ചുരുക്കത്തിൽ, ആരെ തണ്ടിൽ ഏറ്റണം, ആരുടെ തോളിൽ മാറാപ്പ് കയറ്റണം എന്നൊക്കെ തീരുമാനിക്കുന്നത് ലീഡർജിയാണ്. ഇത്രയുമൊക്കെ ശക്തിയുണ്ടായിരുന്നിട്ടും വടക്കാഞ്ചേരിയിലും മുകുന്ദപുരത്തും ലീഡർജി ഈ ശക്തി പ്രയോഗിച്ചുമില്ല. അതാണ് സാക്ഷാൽ നിഷ്പക്ഷത. പണ്ട് മൂത്രശങ്കയുണ്ടായതും ഇതുപോലൊരു നിഷ്പക്ഷതമൂലമാണ്.

ലീഡറുടെ ശക്തി പന്ന്യൻ രവീന്ദ്രൻ ശരിക്കും മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടാണ് ഡി.ഐ.സിയുടെ യോഗങ്ങളിൽ ചെന്ന് പ്രസംഗിക്കുന്നത്. ഡി.ഐ.സിക്കാർ രവീന്ദ്രനെ സഖാവ് എന്നു വിളിച്ച് സന്തോഷിപ്പിക്കുന്നുമുണ്ട്. ഭജനം മൂത്ത് ഊരാണ്മയായി എന്നു പറഞ്ഞതുപോലെ രണ്ടു കക്ഷികളും തമ്മിൽ ലയിച്ചുകളയുമോ എന്നേ ഇനി അറിയാനുള്ളൂ.

തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പ് ബി.ജെ.പിയെ ശരിക്കും വെട്ടിലാക്കിയിരിക്കയാണ്. അവിടെ ബി.ജെ.പി. പടിപടിയായി ഉയർന്നു വരികയായിരുന്നു. ഏറ്റവും ഉയർന്നത് ഒ.രാജഗോപാൽ മത്സരിച്ചപ്പോഴാണ്. പക്ഷേ, ഇത്തവണ താഴേയ്ക്കു പോകാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. ആകെ നാണക്കേടാകും. അതുകൊണ്ടാണ് ഇന്ന് ലഭിക്കാവുന്നതിൽ ഏറ്റവും പ്രബലനായ സ്ഥാനാർത്ഥിയെ നിർത്തി മത്സരിപ്പിക്കുന്നത്. എന്നിട്ടും ഭയം വിട്ടുമാറുന്നില്ല. വോട്ടു കുറഞ്ഞാൽ നാണക്കേടാകും. അത് വരുന്ന അസംബ്ലി തെരഞ്ഞെടുപ്പിലും പ്രതിഫലിക്കും.

ബി.ജെ.പി. പ്രബലനായ സ്ഥാനാർത്ഥിയെ നിർത്തിയതിൽ ഏറ്റവും അധികം സന്തോഷിക്കുന്നതാര്? യു.ഡി.എഫ്. എന്തുകൊണ്ടാണ് യു.ഡി.എഫ്. ഇത്ര സന്തോഷിക്കുന്നത്? ബി.ജെ.പി. സ്ഥാനാർത്ഥി ശക്തനല്ലായിരുന്നു എങ്കിൽ യു.ഡി.എഫ്. കോൺഗ്രസ്സുമായി ചേർന്ന് വോട്ടുകച്ചവടം നടത്തി എന്ന് പ്രതിപക്ഷം പറയുമായിരുന്നു. ഇങ്ങനെ പറയാനുള്ള അവസരം നഷ്ടപ്പെട്ടതുകൊണ്ട് എൽ.ഡി.എഫിനുള്ള മന:പ്രയാസം വാക്കുകളിൽ ഒതുക്കാനുമാവില്ല. മാത്രമല്ല, വല്ലവിധേനയും കോൺഗ്രസ്സ് ജയിച്ചു പോയാൽ കെട്ടിപ്പൊക്കിക്കൊണ്ടുവന്ന ചീട്ടുകൊട്ടാരം തറ പറ്റുകയും ചെയ്യും.

**എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക**

**പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.**

**ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.**

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

**ബസ്റ്റ് കോംപ്ലക്സ്**

**കെ.എസ്.ആർ.ടി.സിക്ക് സമീപം**

പെരുമ്പാവൂർ. ഫോൺ : **0484-3950734, 9447414608**



THE INDIA PENTECOSTAL CHURCH OF GOD
(Registered in 1935 Under Society Act XXI of 1860. Reg. No. 9/1935-36)
KERALA STATE PASTORAL BOARD
Post Box 22, Hebron, Kumbanad, Kerala 689547

Chairman
Pastor Philip .P. Thomas

Vice Chairman
Prof. Pastor T.C. Koshy

Secretary
Pastor K.P. Kurien

Treasurer
Pastor C.A. Cherian

Council President
Pastor K.M. John

Vice President
M.V. Varghese

Secretary
Pastor K.C. Thomas

Treasurer
Br. Eapen Thomas

Jnt. Secretaries
M.P. George kutty
Varghese Marathinal

# ഡിഫെൻഡർ അഞ്ചു വർഷം മുൻപു പറഞ്ഞത് കെ. പി. കുര്യൻ ഇപ്പോൾ പറയുന്നു

ടി.എസ്.ഏബ്രഹാമിനെതിരെ കെ.പി.കുര്യൻ ഉന്നയിക്കുന്ന ആരോപണങ്ങൾ എന്തൊക്കെ? ടി.എസ്. ഏബ്രഹാമിനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കിക്കൊണ്ട് കെ.പി.കുര്യൻ പുറത്തിക്കിയ കത്തിൽ അത് വിവരിക്കുന്നുണ്ട്.

1. പാസ്റ്റർമാരെ ഭീഷണിപ്പെടുത്തുന്നു.
2. ഭൂകമ്പത്തിന്റേയും സുനാമിയുടേയും മറ്റും പേരു പറഞ്ഞ് പണം പിരിച്ച് സ്വന്തം സംഘടനയ്ക്ക് മുതലുണ്ടാക്കുന്നു.
3. ഐ.പി.സിയുടെ വസ്തുവകകൾ തട്ടിയെടുക്കുന്നു.
4. സദാചാരവിരുദ്ധനാണ്.
5. കഴിവുകെട്ടവനാണ്.
6. അനധികൃതമായി സ്വത്തു സമ്പാദിക്കുന്നു.

അങ്ങനെ പോകുന്നു ആരോപണങ്ങൾ. ഇതൊക്കെയല്ലേ ടി.എസ്.ബാലൻ കഴിഞ്ഞ അഞ്ചു വർഷമായി പറഞ്ഞുകൊണ്ടിരിക്കുന്നത്? ഇതൊക്കെ പറഞ്ഞതിനല്ലേ കുര്യനും മറ്റും ചേർന്ന് ബാലനെ ഇത്രത്തോളം ദ്രോഹിച്ചത്?

ബാലൻ ചെയ്ത തെറ്റ് എന്താണ്? കുര്യൻ ഇപ്പോൾ പറയുന്ന സത്യം അഞ്ചു വർഷമായി പറഞ്ഞുകൊണ്ടിരിക്കുന്നതാണോ? അതോ സത്യം പറയാൻ ധൈര്യം കാണിച്ചതാണോ?

ബാലനെ ഒതുക്കാൻ എന്തൊക്കെയാണ് ടി. എസ്.ഏബ്രഹാം ചെയ്തതെന്ന് ഏറ്റവും നന്നായി അറിയാവുന്ന വ്യക്തി കെ.പി.കുര്യനാണ്. ഇന്ത്യയെ സുവിശേഷീകരിക്കാനായി പാവപ്പെട്ട ദൈവമക്കൾ സംഭാവനയായി നൽകിയ എത്രലക്ഷം രൂപ ഈ വകയിൽ പൊടിച്ചു എന്നും കുര്യനറിയാം. അതൊക്കെ കുര്യൻ വെളിപ്പെടുത്തണം. ടി.എസ്.ഏബ്രഹാമിനേപ്പോലുള്ള ആട്ടിൻതോലിട്ട ചെന്നായ്ക്കളുടെ തനിനിറം ലോകം കാണണം.

# വരുന്നൂ കേസ്സുകൾ

ഐ.പി.സിയിൽ ഇനി കേസ്സുകളുടെ കാലമാണ്. സിവിലും ക്രിമിനലുമൊക്കെയായി കുറച്ചധികം കേസ്സുകൾ ഉണ്ടാകും. ഇപ്പോൾത്തന്നെ ഉണ്ടായിക്കഴിഞ്ഞു.

ഐ.പി.സിയിൽ നിന്നും പുറത്താക്കിയതിനെതിരെ കെ.പി.കുര്യൻ തിരുവല്ല മുൻസിഫ് കോടതിയിൽ ഒരു കേസ്സ് കൊടുത്തിട്ടുണ്ട്. അത് നവംബർ 7ന് കോടതി പരിഗണിക്കും. പ്രശ്നത്തിൽ പോലീസ് ഇടപെടുന്നതിനെതിരെ കുര്യൻ ഹൈക്കോടതിയിൽ ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ഒക്ടോബർ 19ന് ടി.എസ്.ഏബ്രഹാമും കൂട്ടരും പോലീസിന്റെ സഹായത്തോടെ തന്നെ കൈയ്യേറ്റം ചെയ്തു എന്നാരോപിച്ച് കെ.പി.കുര്യൻ ഒരു ക്രിമിനൽ കേസ്സ് കൊടുത്തതായും അറിയുന്നു. ഈ സംഭവത്തോടുള്ള ബന്ധത്തിൽ ടി.എസ്.ഏബ്രഹാം കുര്യനെതിരെ കേസ്സ് കൊടുത്തതായും അറിയാൻ കഴിഞ്ഞു. ഇനി എത്ര കേസ്സ് ഉണ്ടാകുമെന്ന് പറയാറായിട്ടില്ല.

# ഈ കൺവെൻഷനുകൾ എന്തിന്?

നവംബർ മുതൽ മെയ് വരെയുള്ള കാലത്താണ് കേരളത്തിൽ പെന്തക്കോസ്ത് കൺവെൻഷനുകൾ നടക്കുന്നത്. മഴ ഏറ്റവും കുറവുള്ള കാലമാണിത് എന്നതുതന്നെയാണ് കാരണം.

കൺവെൻഷനുകളിൽ പ്രധാനം ഒരോ സംഘടനയുടേയും ജനറൽ കൺവെൻഷൻ തന്നെ. അവയിൽ ഏറ്റവും വലുത് ഐ.പി.സിയുടെ ജനറൽ കൺവെൻഷനാണ്. എങ്കിലും ശാരോൻെറ ജനറൽ കൺവെൻഷനാണ് ഇവയിൽ ആദ്യത്തേത്.

ഓരോ സംഘടനയും ഡിസ്ട്രിക്ട് തലത്തിൽ കൺവെൻഷനുകൾ നടത്തും. ലോക്കൽ സഭകളുടെ കൺവെൻഷനുകളുമുണ്ട്. ക്രൂസേഡുകളാണ് മറ്റൊരു ഇനം.

ഈയിടെയായി മറ്റൊരു സാധനവും പ്രചാരത്തിലായിട്ടുണ്ട്. "ബ്ലസ്സ് ....." എന്നായിരിക്കും പേര്. ബ്ലസ്സ് തിരുവല്ല, ബ്ലസ്സ് കോട്ടയം, ബ്ലസ്സ് ഇണ്ടൻതുരുത്തി എന്നിങ്ങനെയാണ് ഇവ. സംഭവം ക്രൂസേഡ് തന്നെ. അനുബന്ധമായി ഉപവാസവും ഉണ്ടായെന്നുവരാം. ഇങ്ങനെ കൺവെൻഷനുകൾ വിവിധതരം.

ഇതൊക്കെക്കൊണ്ട് എന്ത് പ്രയോജനം? പറയാം. പ്രസംഗകർക്ക് പണം കിട്ടും. മൈക്കുസെറ്റുകാർക്കും കാശുകിട്ടും. ഗായകസംഘത്തിൻെറ നിലനിൽപ്പുതന്നെ കൺവെൻഷനുകളിൽ നിന്നുള്ള വരുമാനംകൊണ്ടാണ്. സംഘാടകർക്ക് ഷൈൻ ചെയ്യാൻ കഴിയുന്നു എന്നതാണ് മറ്റൊരു നേട്ടം. പക്ഷേ, ആത്മീയ രംഗത്ത് വിശേഷിച്ച് ഒരു നേട്ടവും ഉണ്ടാകാറില്ല. രോഗശാന്തിയെന്നും ശാപം പൊട്ടിക്കലെന്നും ഒക്കെ പേരുപറഞ്ഞ് വലിയ ബഹളങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും യഥാർത്ഥ രോഗശാന്തി വളരെ കുറച്ചു മാത്രമേ നടക്കുന്നുള്ളു.

പെന്തക്കോസ്ത് കൺവെൻഷനുകൾ ആർഭാടത്തിൻെറ വേദിയായി മാറിയത് അടുത്ത കാലത്താണ്. പ്രചരണത്തിനു മാത്രം ലക്ഷങ്ങൾ ചെലവഴിക്കുന്നു. ഉദാഹരണമായി ഇപ്പോൾ തിരുവല്ലയിൽ നടക്കുന്ന ശതാബ്ദി സമ്മേളനം നോക്കൂ. എത്ര ലക്ഷം രൂപ പരസ്യത്തിനായി ചെലവാക്കുന്നത്? അറിഞ്ഞുകൂടാ. ഏതായാലും കുറച്ചൊന്നുമല്ല എന്ന് വ്യക്തം. ഈ പരസ്യങ്ങളിൽ പലതും വിവിധ വ്യാപാര സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്നതാണത്രേ. എന്തിനാണ് അവർ സ്പോൺസർ ചെയ്യുന്നത്? ദൈവ സ്നേഹം കൊണ്ടാണോ? അല്ലേ അല്ല. പെന്തക്കോസ്തുകാരുടെ ബിസിനസ്സ് കൂടി ലഭിച്ചാൽ ആദായം കൂടും. അത്രതന്നെ.

വിവിധ തരത്തിലും രൂപത്തിലും ഭാവത്തിലും ഉള്ള പോസ്റ്ററുകൾ കൊണ്ട് തിരുവല്ലയും പരിസരവും നിറച്ചിരിക്കയാണ്. പത്രമാസികകളിൽ കൊടുത്ത പരസ്യങ്ങൾ വേറെ.

കേരളത്തിൽ നടക്കുന്ന സകല പെന്തക്കോസ്ത് കൺവെൻഷനുകളും ചേർന്ന് പരസ്യത്തിനായി എത്ര കോടി ചെലവഴിക്കുന്നു എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്കൊന്നുമില്ല. പ്രയോജനകരമായി ഉപയോഗിക്കാവുന്ന പണമാണ് ഇങ്ങനെ പാഴാക്കി കളയുന്നത്.

സുവിശേഷ യോഗങ്ങളേക്കുറിച്ച് പരസ്യം കൊടുക്കരുത് എന്നല്ല പറഞ്ഞുവരുന്നത്. പരസ്യം ചെയ്യാതെ ജനം യോഗത്തേക്കുറിച്ച് അറിയുകയില്ല. അതുകൊണ്ട് തീർച്ചയായും പരസ്യം കൊടുക്കണം. പക്ഷേ, പരസ്യത്തിൻെറ പേരിലുള്ള അനാവശ്യ ആഡംബരവും പാഴ്ച്ചെലവും ഒഴിവാക്കണം.

സുവിശേഷയോഗം എന്ന് പേരുണ്ടെങ്കിലും ഇവയിൽ ഭൂരിപക്ഷവും സുവിശേഷയോഗമല്ല എന്നതാണ് മറ്റൊരു പ്രശ്നം. ദൈവവചനം പ്രസംഗിക്കുന്ന കൺവെൻഷനുകൾ ഇന്ന് വിരളമാണ്. ഉണർവ്വിൻെറ പേരിലുള്ള വെറും ഇളക്കപ്പെരുപ്പം മാത്രമാണ് ഭൂരിപക്ഷം യോഗങ്ങളിലും നടക്കുന്നത്. "ഇതാ ദൈവം നിങ്ങളെ അനുഗ്രഹിക്കാൻ പോകുന്നു" എന്നതാണ് കൺവെൻഷൻെറ പ്രധാന ദൂത്. ദൈവം അനുഗ്രഹിക്കുന്നവനാണ്. നമുക്ക് ദൈവാനുഗ്രഹം തീർച്ചയായും വേണം. പക്ഷേ, ഇവർ പറയുന്ന അനുഗ്രഹം ഭൗതീകാനുഗ്രഹങ്ങളാണ്. യേശുവിൻെറ പിന്നാലെ ഇറങ്ങിത്തിരിച്ചാൽ പണക്കാരനാകാം എന്നത്രേ ഇവർ പറയുന്നത്. ഇത് പുതിയ സുവിശേഷമാണ്. ദൈവവചനവിരുദ്ധമായ ഉപദേശമാണിത്. ഇതിന്റെ പിന്നിൽ സാത്താനാണ്.

ഉണർവ്വു യോഗങ്ങൾ എന്ന പേരിൽ നടക്കുന്ന യോഗങ്ങളിലെ പ്രസംഗകർ ആരൊക്കെയാണ് എന്നു നോക്കൂ. അപ്പോളറിയാം പെന്തക്കോസ്ത് സഭകൾ എങ്ങോട്ടാണ് പോകുന്നതെന്ന്. എം.എ.വർഗീസ്, സാമച്ചൻ, ജോൺസൺ വർഗീസ്, മനു മേനോൻ, സുരേഷ് ബാബു, കെ.സി.ജോൺ .... അങ്ങനെ പോകുന്നു ആ ലിസ്റ്റ്. ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ള എത്രപേർ ഈ കൂട്ടത്തിലുണ്ട്?

വചന പരിജ്ഞാനത്തിൻെറ കാര്യം അവിടെ നിൽക്കട്ടെ. ജീവിത വിശുദ്ധി ഉള്ളവർ എത്രപേർ ഇവരുടെ കൂട്ടത്തിലുണ്ട്? നാക്കെടുത്താൽ കള്ളമേ പറയൂ എന്ന് വ്രതം നോറ്റിരിക്കുന്ന എം.എ.വർഗീസാണ് ഇവരിൽ ഒരാൾ. ഉണർവ്വിൻെറ പേരിൽ എന്തു തട്ടിപ്പു നടത്താനും ഈ ചങ്ങാതി തയ്യാർ. സാമച്ചനാണ് മറ്റൊരു കക്ഷി. ദുർന്നടപ്പിന് കൈയും കാലും വച്ചതാണ് ഈ വീരൻ. എന്തുതരം ഉണർവ്വാണാവോ ഇദ്ദേഹം ഉണ്ടാക്കുക? സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചവനാണ് കെ.സി.ജോൺ. ചെല്ലുന്നിടത്തെല്ലാം ഭാര്യയും കുട്ടിയും വേണമെന്ന ശാഠ്യക്കാരനാണ് സുരേഷ് ബാബു. ഇവരൊക്കെ ഉണ്ടാക്കുന്ന ഉണർവ്വ് ഏതു തരത്തിലുള്ളതായിരിക്കും എന്ന് വിശേഷിച്ച് പറയേണ്ടതില്ല.

ഛർദ്ദിയുടെ സ്പെഷ്യലിസ്റ്റാണ് മനു മേനോൻ. ഇദ്ദേഹം ചെല്ലുന്നിടത്തെല്ലാം ജനം ഛർദ്ദിക്കുന്നു. എന്തുകൊണ്ട്? ഛർദ്ദിപ്പിക്കൽ ശുശ്രൂഷ എന്നൊന്ന് ദൈവവചനത്തിലില്ല. കൈവിഷമെന്നൊരു വിഷവുമില്ല. എന്നിട്ടും മനു മേനോൻ ഛർദ്ദിയുമായി നടക്കുന്നു. ജനം സർവ്വശക്തിയും ഉപയോഗിച്ച് ഛർദ്ദിക്കുന്നു. ഇതാണോ ഉണർവ്വ്? (ഈ വിഷയത്തേപ്പറ്റി മൂന്നാമത്തെ സി.ഡിയിൽ വിശദമായ പഠനങ്ങളുണ്ട്).

ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും ശാപം പൊട്ടിക്കലും ഛർദ്ദിപ്പിക്കലും മറ്റും ദൈവവചനത്തിലുള്ളതല്ല. അതുകൊണ്ട് ഇവ ദൈവീകവുമല്ല. ഇത്തരം തട്ടിപ്പുകളുമായി നടക്കുന്നവർ ദൈവദാസൻമാരല്ല, സാക്ഷാൽ പിശാചിൻെറ ദാസൻമാരാണ്.

ശതാബ്ദി സമ്മേളനവും സാത്താന്യ തന്ത്രത്തിന്റെ ഭാഗമാണ്. എല്ലാ മതവും ഒന്നാണ് എന്നും ഏതു മതത്തിൽ വിശ്വസിച്ചാലും നിത്യജീവൻ പ്രാപിക്കാൻ കഴിയുമെന്നുമുള്ള സാത്താന്യ ഉപദേശം ദൈവമക്കളുടെ പണം ഉപയോഗിച്ച് ലോകമെമ്പാടും പ്രചരിപ്പിക്കാൻ സാത്താൻ ഒരുക്കിയ ഒരു കെണിയാണിത്. നിരവധി ദൈവമക്കൾ ഈ ചതിക്കുഴിയിൽ വീണുകഴിഞ്ഞു.

സുവിശേഷയോഗങ്ങൾ ആവശ്യംതന്നെ. പക്ഷേ, ഇന്ന് നടക്കുന്നവയിൽ ഭൂരിപക്ഷവും സുവിശേഷയോഗങ്ങളല്ല. ഇവയിലൂടെ മഹത്വപ്പെടുന്നത് ദൈവനാമവുമല്ല. അതുകൊണ്ട് ഇത്തരം സുവിശേഷയോഗങ്ങൾ എതിർക്കപ്പെടേണ്ടതാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

? രാഷ്ട്രീയക്കാരുടെ സഹായം പെന്തക്കോസ്തുകാർക്ക് പലപ്പോഴും ആവശ്യമായി വരും. അങ്ങനെയിരിക്കെ, ശതാബ്ദി സമ്മേളനത്തിന് രാഷ്ട്രീയ നേതാക്കൻമാരേയും മന്ത്രിമാരേയും വിളിക്കുന്നതിൽ എന്താണ് തെറ്റ്? അവരുമായി നല്ല ബന്ധത്തിൽ ഇരിക്കുന്നതല്ലേ നല്ലത്?

■ രാഷ്ട്രീയക്കാരുമായി ഒരു ബന്ധവും പാടില്ല എന്ന് ഡിഫെൻഡർ പറഞ്ഞു എന്നൊരു തെറ്റിദ്ധാരണയിൽ നിന്നാണ് ഈ ചോദ്യം ഉണ്ടായത്. രാഷ്ട്രീയക്കാരുമായി മാത്രമല്ല, ഇതര മതവിശ്വാസികളോടും നിരീശ്വരവാദികളോടും ഒക്കെ നമുക്ക് നല്ല ബന്ധം ഉണ്ടായിരിക്കണം. ഇവരുടെയൊക്കെ സഹായം നമുക്ക് ആവശ്യമായി വരും. ഇവരെയൊക്കെ ചിലപ്പോൾ നാം സഹായിക്കേണ്ടതായും വരും. ഇതൊന്നും തെറ്റല്ല. ഈ ലോകത്ത് ജീവിക്കുമ്പോൾ നമുക്ക് ഇതൊക്കെ കൂടിയേ കഴിയൂ. ഇങ്ങനെയൊന്നും ചെയ്യാൻ പാടില്ല എന്ന് ദൈവ വചനം പറയുന്നുമില്ല.

വിശ്വാസികൾക്ക് അവിശ്വാസികളുമായി ഇണയില്ലാപ്പിണ ഉണ്ടാകരുത്. എന്താണ് ഇണയില്ലാപ്പിണ? പ്രായം, വലിപ്പം, ശക്തി തുടങ്ങിയ കാര്യത്തിൽ സാമ്യമില്ലാത്ത രണ്ടു കാളകളെ ഒരു നുകത്തിൻകീഴിൽ ആക്കുന്നതിനോടു സാമ്യമുള്ള അർത്ഥമാണ് ഈ വാക്കിനുള്ളത്. ഇങ്ങനെ നുകം വെച്ചാൽ ദോഷമല്ലാതെ ഗുണമൊന്നും വരികയില്ല. അതാണ് നാം ഒഴിവാക്കേണ്ടത്. അല്ലാതെ, സ്നേഹബന്ധമല്ല.

രക്ഷിക്കപ്പെട്ടവൻ, രക്ഷിക്കപ്പെടാത്തവൻ എന്നിങ്ങനെ രണ്ടുതരം മനുഷ്യരാണ് ഈ ലോകത്തുള്ളത്. രക്ഷിക്കപ്പെട്ടവർക്ക് രക്ഷിക്കപ്പെടാത്തവരുമായി ആത്മീയ ബന്ധം ഉണ്ടായാൽ അത് ഇണയില്ലപ്പിണയാകും. ആത്മീയതയെ പ്രതികൂലമായി ബാധിക്കുന്നത് ഒഴികെയുള്ള ഏതു ബന്ധവുമാകാം.

വിശ്വാസികളും ഈ രാജ്യത്തെ പൗരൻമാരാണ്. എല്ലാവിധ പൗരാവകാശവും നമുക്കുണ്ട്. അത് വിനിയോഗിക്കുന്നത് തെറ്റല്ല. റോമാ പൗരൻ എന്ന നിലയ്ക്കുള്ള അധികാരങ്ങളും അവകാശങ്ങളും പൗലോസ് ഉപയോഗിച്ചു. അറ്റകൈയ്ക്ക് കൈസറെ അഭയം ചൊല്ലുകവരെ ചെയ്തു. സർക്കാരിൽ നിന്നും നമുക്ക് ലഭിക്കേണ്ടതെല്ലാം ലഭിക്കണം. അതിനായി നിയമപരമായ മാർഗ്ഗങ്ങൾ ഉപയോഗിക്കാം. മന്ത്രിയെ കണ്ട് അപേക്ഷ കൊടുക്കണമെങ്കിൽ അതും ചെയ്യാം. ഇതൊന്നും പാപമല്ല.

പിന്നെ പ്രശ്നമെവിടെയാണ്? പറഞ്ഞല്ലോ, ഇണയില്ലാപ്പിണയാണ് പ്രശ്നം. രാഷ്ട്രീയക്കാരെന്നല്ല, രക്ഷിക്കപ്പെടാത്ത ആരുമായും വിശ്വാസികൾക്ക് ആത്മീയ ബന്ധമോ കൂട്ടായ്മയോ ഉണ്ടാകരുത്. അന്യദൈവാരാധനയുമായി ഒരു വിധത്തിലും ബന്ധപ്പെടരുത്. രക്ഷിക്കപ്പെടാത്തവരെ ഉൾപ്പെടുത്തി ആത്മീയ ശുശ്രൂഷകൾ ചെയ്യരുത്.

ശതാബ്ദിക്കാർ എന്താണ് ചെയ്യുന്നത്? പെന്തക്കോസ്ത് ശതാബ്ദിയെന്നതുതന്നെ ശുദ്ധ ഭോഷ്ക്കാണ്. കുറെപ്പേർക്ക് ആളു കളിക്കാനും രാഷ്ട്രീയ നേട്ടമുണ്ടാക്കാനും ഉള്ള ഒരു മറയാണിത്. ആത്മീയതയുമായി ഇതിന് പുലബന്ധം പോലുമില്ല.

ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സുവിശേഷ യോഗം നടക്കുന്നുണ്ട്. സാംസ്ക്കാരിക സമ്മേളനമെന്ന പേരിൽ എന്തോ ഒരു പരിപാടിയും നടത്തുന്നുണ്ട്. പെന്തക്കോസ്തുകാരന്റെ സാംസ്ക്കാരിക സമ്മേളനമാണെങ്കിൽ അതിൽ പെന്തക്കോസ്ത് സംസ്ക്കാരമാണ് ഉണ്ടായിരിക്കേണ്ടത്. അങ്ങനെയെങ്കിൽ അതും ആത്മീയ സമ്മേളനം ആയിരിക്കും. രക്ഷിക്കപ്പെടാത്തവർക്ക് ഈ പറഞ്ഞ രണ്ടിനങ്ങളിലും ശ്രോതാക്കളെന്നതിൽ കവിഞ്ഞ് ഒരു റോളുമില്ല. പ്രാധാന മന്ത്രിയായാലും വെറും മന്ത്രിയായാലും ഛോട്ടാ നേതാവായാലും രക്ഷിക്കപ്പെടാത്തവൻ അശുദ്ധനാണ്. അവൻ നരകത്തിലേക്കാണ് പോകുന്നത്. അത്തരക്കാർ സാത്താന്റെ ദാസൻമാരാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് രക്ഷിക്കപ്പെട്ടവരുടെ മേൽ ഇറങ്ങിവന്ന ദിവസമാണ് പെന്തക്കോസ്ത് നാൾ. വേർപാടിന്റെ ഉപദേശം ശക്തിയായി പഠിപ്പിക്കുന്നവരാണ് പെന്തക്കോസ്തുകാർ. ഒരു നൂറ്റാണ്ടോളം മുൻപ് പെന്തക്കോസ്ത് അനുഭവം പ്രാപിച്ചവർ അവിശ്വാസികളുമായി ഒരുവിധത്തിലുള്ള ഇണയില്ലാപ്പിണയും കൂടിയിരുന്നുമില്ല. പക്ഷേ അവർ പ്രാപിച്ച അനുഭവത്തിന്റെ മറവിൽ നടത്താൻ പോകുന്ന സമ്മേളനം ഇണയില്ലാപ്പിണയുടെ കൂത്തരങ്ങാകുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

എന്തിനാണ് ഈ ഇണയില്ലാപ്പിണ? രാഷ്ട്രീയക്കാരുമായി പരിചയപ്പെട്ടിരുന്നാൽ പലവിധ നേട്ടങ്ങളും ഉണ്ടാക്കാൻ കഴിയുമത്രേ. എന്തൊക്കെയാണ് ആ നേട്ടങ്ങൾ? നേരേചൊവ്വെയുള്ളത് ആയിരിക്കാൻ വഴിയില്ല. കാരണം നേരേയുള്ളത് നേരായ മാർഗ്ഗത്തിൽ നേടാൻ കഴിയുമല്ലോ. രാഷ്ട്രീയ സ്വാധീനത്തിന്റെ ബലത്തിൽ ലഭിക്കുന്നത് അവിഹിത നേട്ടങ്ങളാകും.

ദൈവസഭക്ക് അവിഹിത ലാഭം ആവശ്യമില്ല. രാഷ്ട്രീയക്കാരുടെ കനിവില്ലാതെതന്നെ ദൈവസഭക്ക് നിലനിൽക്കാൻ കഴിയും. കാരണം, ദൈവസഭ പാറമേൽ അടിസ്ഥാനമിട്ട് പണിയപ്പെടുന്നതാണ്. റോമൻ ചക്രവർത്തിമാർക്കുപോലും ദൈവസഭയെ തകർക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് രാഷ്ട്രീയക്കാരുമായി ഉണയില്ലാപ്പിണ കൂടുന്നത് ദൈവസഭയുടെ നൻമയ്ക്കാണ് എന്ന വാദം തട്ടിപ്പാണ്, സാത്താന്യമാണ്.

രാഷ്ട്രീയക്കാരുമായുള്ള ബന്ധംകൊണ്ട് ആർക്കെങ്കിലും നേട്ടം ഉണ്ടാകുമെങ്കിൽ അത് വ്യക്തികൾക്ക് മാത്രമായിരിക്കും. ശതാബ്ദിക്കാരിൽ ചിലർക്ക് രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്. അത് നേടിയെടുക്കാൻ ഇവർ ദൈവമക്കളെ വെച്ച് വിലപേശുകയാണ്. ശതാബ്ദിക്ക് തടിച്ചുകൂടുന്ന ജനലക്ഷങ്ങളെ ചൂണ്ടിക്കാട്ടി അവർ വിലപേശും. ഈ ജനമത്രയും തങ്ങൾ പറയുന്നിടത്ത് വോട്ടുകുത്തും എന്ന് രാഷ്ട്രീയ നേതാക്കൻമാരെ ധരിപ്പിക്കും. അങ്ങനെ അവർ രാഷ്ട്രീയ നേട്ടമുണ്ടാക്കും.

വീണ്ടും പറയട്ടെ, ശതാബ്ദി സമ്മേളനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താനാണ്. ദുരുപദേശം പ്രചരിപ്പിച്ചും ദൈവമക്കളെ ഇണയില്ലാപ്പിണ കൂട്ടിയും സാത്താൻ നേട്ടമുണ്ടാക്കും. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക.

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ
ഫോൺ: 9447149309. സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

## ടി.എസ്.ഏബ്രഹാം, കെ.എം.ജോസഫ് എന്നിവർ ഒപ്പിട്ട് എല്ലാ ഐ.പി.സി. സഭകൾക്കും അയച്ച കത്തിന്റെ പ്രസക്ത ഭാഗങ്ങൾ

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ എല്ലാ കീഴ് ഘടകങ്ങളേയും ശുശ്രൂഷകന്മാരേയും സഹോദരി സഹോദരന്മാരെയും അറിയിക്കുന്നത്,

ഇൻഡ്യാ പെന്തകോസ്തു ദൈവസഭയിൽ തിരുവല്ലാ സെന്ററിൽ ആമല്ലൂർ സഭാ പാസ്റ്റർ ആയിരുന്ന ശ്രീ.കെ.പി.കുര്യൻ 06-06-2005 ൽ ഐ.പി.സി. ജനറൽ കൗൺസിലിന്റെ ഒരു അടിയന്തിര യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ജനറൽകൗൺസിൽ യോഗത്തിൽ അനധികൃതമായി പ്രവേശിക്കുകയും അപമര്യാദയായി പല കാര്യങ്ങൾ സംസാരിക്കുകയും തന്നത്താൻ കസേര എടുത്തിട്ട് ഔദ്യോഗിക ഭാരവാഹികൾക്കൊപ്പം വേദിയിൽ ഇരിക്കുകയും യോഗനടപടികളുടെ റിപ്പോർട്ട് എഴുതിക്കൊണ്ടിരുന്ന ബുക്ക് ജോയിന്റ് സെക്രട്ടറിയുടെ പക്കൽ നിന്നും ബലാൽക്കാരമായി പിടിച്ച് വാങ്ങുകയും ജനറൽ ട്രഷറാറെ കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും അത്യന്തം ഭയാനകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ നിരന്തരമായി അസഭ്യം വിളിച്ചും അട്ടഹസിച്ചും ഭീഷണി നടത്തിയും പ്രവർത്തിക്കുകയുണ്ടായി.

മാത്രവുമല്ല, കഴിഞ്ഞ കുറെ നാളുകളായി കെ.പി.കുര്യൻ, ഐ.പി.സി ജനറൽ പ്രസിഡന്റ്, ജനറൽ ട്രഷറർ, കേരളാ കൗൺസിൽ പ്രസിഡന്റ്, കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി തുടങ്ങിയ സഭാ ഭാരവാഹികളെയും സഭാ പ്രവർത്തകരിൽ പലരെയും കുടുംബാംഗങ്ങളെയും വ്യക്തിപരമായി അപമാനിക്കുകയും സഭാ വിശ്വാസികളുടെയും പൊതുജനങ്ങളുടെയും മദ്ധ്യത്തിൽ അവരുടെ സൽപേരിന് കളങ്കം വരത്തക്കവിധം അവരെ അപകീർത്തിപ്പെടുത്തുകയും സ്വഭാവഹത്യ നടത്തുകയും നീതിക്കും സദാചാരത്തിനും വിരുദ്ധമായി പെരുമാറുകയും ചെയ്തിട്ടുള്ളതാണ്.

കൂടാതെ, കൗൺസിൽ ആഫീസ് പ്രവർത്തകരെ ബന്ദികളാക്കി ആഫീസ് പൂട്ടിയിട്ടതും കഴിഞ്ഞ വർഷം ഭക്ഷണ ക്രമീകരണം ഏൽപ്പിച്ചിരുന്ന മന്നാ കേറ്ററേഴ്സിന്റെ ചുമതലക്കാരനായ സഹോദരനെ ഉപദ്രവിക്കുവാൻ തക്കവിധം അടുത്തു ചെല്ലുകയും ബഹളം ഉണ്ടാക്കിയതും പല സന്ദർഭങ്ങളിലായി നമ്മുടെ പല ദൈവദാസന്മാരോടും വളരെ മോശമായ വിധത്തിൽ ഇടപെട്ടിട്ടുള്ളതും ഏവർക്കും അറിയാവുന്നതാണല്ലോ. 2005 ലെ ജനറൽ കൺവൻഷന്റെ ഭക്ഷണ ക്രമീകരണ കാര്യത്തിൽ പണ വിഷയസംബന്ധമായി കെ.പി. കുര്യൻ കാണിച്ച അവിശ്വസ്തത എടുത്തു പറയേണ്ടിയിരിക്കുന്നു.

ഒരു പെന്തക്കോസ്തു ശുശ്രൂഷകനോ, വിശ്വാസിക്കോ, കേവലം ഒരു സാധാരണ വ്യക്തിക്കോ യോജിക്കാത്ത വിധത്തിലുള്ള കെ.പി.കുര്യന്റെ ഹീനമായ പ്രവർത്തനങ്ങളെക്കുറിച്ച് നാളുകളായി നേതൃത്വത്തിലുള്ള പലരും ഉപദേശിച്ചുവെങ്കിലും അവയെല്ലാം അവഗണിക്കുകയും അവരെയെല്ലാം അവഹേളിക്കുകയും ചെയ്ത് മേൽവിധമുള്ള ഗുരുതരമായ അച്ചടക്കവിരുദ്ധ പ്രവർത്തനങ്ങൾ കുര്യൻ നിരുപാധികം തുടർന്നുകൊണ്ടിരിന്നു. തന്റെ ഈവണ്ണമുള്ള പ്രവർത്തനങ്ങളിൽ നിന്നു മടങ്ങി വരുവാൻ ദീർഘക്ഷമയോടെ പല അവസരങ്ങളും നൽകിയതിനാൽ, സഭാ നേതൃത്വത്തിന്റെ മൗനാനുവാദത്തോടും ഒത്താശയോടും കൂടിയാണ് കുര്യൻ ഇതെല്ലാം ചെയ്യുന്നത് എന്ന തെറ്റായ ധാരണ സഭാ ശുശ്രൂഷകന്മാരുടെയും മറ്റ് ദൈവമക്കളുടെയും മദ്ധ്യേ പരന്നിട്ടുണ്ട്. അവരുടെ വെറുപ്പിനും തെറ്റിദ്ധാരണയ്ക്കും ആവശ്യമില്ലാത്ത ഉത്തരവാദിത്വം സഭാ നേതൃത്വം വഹിക്കേണ്ടി വന്നതാണ്.

ഈ സാഹചര്യങ്ങളാൽ 31-08-2005 ൽ കൂടിയ ജനറൽ കൗൺസിൽ മീറ്റിംഗിൽ, കൗൺസിൽ അംഗങ്ങൾ ഏകകണ്ഠമായി കുര്യനെതിരെ നടപടി ആവശ്യപ്പെടുകയും അതനുസരിച്ച് ജനറൽ കൗൺസിൽ കേരളാ പ്രസിബിറ്ററിക്ക് നടപടിയാവശ്യപ്പെട്ട് കത്തു നൽകുകയും ചെയ്തതാണ്. കുര്യൻ കൂടി അംഗമായിരിക്കുന്ന കേരളാ പ്രസ്ബിറ്ററിക്ക് ഏതെങ്കിലും നടപടി സ്വീകരിക്കാൻ കഴിയാതെ വരികയാൽ, ജനറൽ കൗൺസിലിന്റെ നടപടി കാംക്ഷിച്ചു കൊണ്ടുള്ള റഫറൻസ് 05-10-2005 ൽ കേരളാ പ്രസ്പിറ്ററി, ജനറൽകൗൺസിലിലേക്ക് തന്നെ മടക്കി അയച്ചിട്ടുള്ളതാണ്.

ആകയാൽ സഭയുടെ ആകമാന താൽപര്യം പരിഗണിച്ച്, ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയുടെ 2002 ൽ പരിഷ്കരിച്ച ഭരണഘടനയുടെയും അസ്സോസ്സിയേഷൻ മെമ്മോറാണ്ടത്തിന്റെയും ആർട്ടിക്കിൾ VIII വകുപ്പ്-I, (4) അനുസരിച്ചും, ആർട്ടിക്കിൾ XII വകുപ്പ് VI അനുസരിച്ചും ജനറൽ പ്രസിഡന്റിനുള്ള ഭരണഘടനാപരമായ മുഴുവൻ അധികാരങ്ങളും ഉപയോഗിച്ച് 07-10-2005 ൽ കെ.പി. കുര്യനെ ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയിലെ ഒരു ശുശ്രൂഷകൻ എന്ന സ്ഥാനത്തു നിന്നും ഇനിയും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നീക്കം ചെയ്യുകയുണ്ടായി. ജനറൽ പ്രസ്ബിറ്ററിയിൽ കാര്യങ്ങൾ വിശദീകരിക്കാനാണ് ഒരു സോപാധിക സാവകാശം കാണിച്ചത്. എന്നാൽ തന്റെ ലംഘനങ്ങൾ കൂടി വരികയും സഭാ ഭരണഘടനയിലെ വിലക്ക് ലംഘിച്ച് കോടതിയിൽപോലും സഭയെ ആക്ഷേപിക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്തു.

തുടർന്നു 19-10-2005 ൽ ജനറൽ കൗൺസിലിന്റെയും ജനറൽ പ്രസ്ബിറ്ററിയുടെയും സംയുക്തമീറ്റിംഗ് കൂടി, ജനറൽ പ്രസിഡന്റ് കെ.പി.കുര്യനെതിരെ എടുത്ത എല്ലാ നടപടികളും അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തു. ആകയാൽ മി. കെ.പി.കുര്യൻ ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയിൽ ഒരു ശുശ്രൂഷകനോ, സ്ഥാനിയോ ആയിരിക്കുന്നില്ല എന്ന വിവരം ഏവരേയും അറിയിക്കുന്നു. ആ നിലകളിൽ ഐ.പി.സി.യുടെ ഏതെങ്കിലും സ്ഥാനത്തോ, സമിതികളിലോ, സ്ഥാപനങ്ങളിലോ പ്രവേശിക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ കെ.പി.കുര്യന് അവകാശമോ, അനുവാദമോ ഇല്ല എന്നുള്ള വിവരം സകലമാന സഭാംഗങ്ങളെയും അറിയിക്കുന്നു.

ദൈവസഭയുടെ ഐക്യതയ്ക്കും നിലനിൽപ്പിനുമായി എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെട്ടു കൊള്ളുന്നു.

കർത്താവ് നിങ്ങളെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

ഐ.പി.സി. ജനറൽ കൗൺസിലിനും ജനറൽ പ്രസ്ബിറ്ററിക്കും വേണ്ടി

കുമ്പനാട്,
20-10-2005.

പാസ്റ്റർ ടി.എസ്.ഏബ്രഹാം
ജനറൽ പ്രസിഡന്റ്

പാസ്റ്റർ കെ.എം.ജോസഫ്
ജനറൽ സെക്രട്ടറി

# മുടിഞ്ഞ കൂത്ത് ഇരുന്നു കാണാം

അടിപീസി സ്പോൺസർ ചെയ്തിരിക്കുന്ന മുടിഞ്ഞ കൂത്ത് എന്ന മെഗാ പരമ്പര ഉടനെയൊന്നും തീരുന്ന മട്ടില്ല. അതു കൊണ്ട് എല്ലാവരും ''അക്ഷമരായി'' ഇരുന്ന് കാണുക.

ഇത്ര മനോഹരവും സാഹസികവും ദുർഗ്ഗന്ധപൂരിതവുമായ ഒരു പരമ്പര അവതരിപ്പിക്കാൻ മറ്റൊരു പെന്തക്കോസ്ത് കലാസമിതിക്കും കഴിഞ്ഞിട്ടില്ല. ഏതാനും വർഷം മുൻപ് ചർച്ച് ഓഫ് ഗോഡ് അവതരിപ്പിച്ച തെരുക്കൂത്തുപോലും ഈ പരമ്പരയുടെ ഏഴയലത്തു വരികയില്ല.

നായകനാര്, വില്ലനാര് എന്ന് തിരിച്ചറിയാൻ പറ്റുന്നില്ല എന്നതാണ് ഐ.പി.സി. പരമ്പരയുടെ മുഖ്യ സവിശേഷത. ടി.എസ്.ഏബ്രഹാമെന്ന ആരാധ്യനാണോ അതോ കെ.പി.കെ. എന്ന താടിക്കാരനാണോ യഥാർത്ഥ വില്ലൻ? രണ്ടു പേരുടേയും കൈയ്യിലിരുപ്പ് അത്ര ശരിയല്ല എന്ന കാര്യത്തിൽ സംശയമില്ല എങ്കിലും ആരാണ് പരമനീചൻ എന്ന കാര്യത്തിലേ തർക്കമുള്ളൂ.

രണ്ടു വില്ലൻമാരും അന്യോന്യം ആക്രോശിക്കുകയും പുറത്താക്കുകയും ചെയ്യുന്നുണ്ട്. കോടതി വരാന്തകൾ കയറി ഇറങ്ങുന്നുണ്ട്. പോലീസിന്റെ പിന്നാലെ ഓടുന്നുണ്ട്. കുളത്തൂപ്പുഴയെ വർണ്ണിച്ച് പാടുന്നുമുണ്ട്. ഒരു എപ്പിസോഡ് കഴിഞ്ഞാൽ ജനം അടുത്ത എപ്പിസോഡിനായി കാത്തിരിക്കുകയാണ്.

ആരു ജയിക്കും, ആരു തോൽക്കും എന്നൊന്നും ഇപ്പോൾ പറയാറായിട്ടില്ല. എന്തും സംഭവിക്കാം എന്നതാണ് സ്ഥിതി. അടുത്ത കുമ്പനാട് കൺവെൻഷനിൽ ക്ലൈമാക്സുണ്ടാകും എന്ന പ്രതീക്ഷയിലാണ് പ്രേക്ഷകർ.

# ശുശ്രൂഷക സമ്മേളനം അലങ്കോലമാകുമോ?

നവംബർ 6 മുതൽ കുമ്പനാട്ട് നടക്കുന്ന ഐ.പി.സി. ശുശ്രൂഷക സമ്മേളനം അലങ്കോലമാകുമോ? അതിനുള്ള സാദ്ധ്യതയുണ്ട്.

ടി.എസ്.ഏബ്രഹാമിന്റെ വകയായ ഇന്ത്യാ ബൈബിൾ കോളേജിലാണ് പരിപാടി നടക്കുന്നത്. ശുശ്രൂഷകൻമാർക്ക് താമസ സൗകര്യം ഒരുക്കിയിരിക്കുന്നതും അവിടെത്തന്നെ. കെ.പി.കുര്യൻ ഉണ്ടെങ്കിൽ ബൈബിൾ കോളേജ് വിട്ടുകൊടുക്കില്ല എന്ന് ടി.എസ്.ഏബ്രഹാം വ്യക്തമാക്കിയിട്ടുണ്ട്. ശുശ്രൂഷക സമ്മേളനത്തിൽ പങ്കെടുക്കാനുള്ള ക്ഷണക്കത്ത് കുര്യൻ ഓഫീസിൽ നിന്ന് വാങ്ങിയിട്ടുമുണ്ട്. ജനറൽ കൗൺസിൽ കുര്യനെ പുറത്താക്കിയ നടപടി കേരള സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗീകരിച്ചിട്ടുണ്ടെങ്കിലും കുര്യൻ ശുശ്രൂഷക സമ്മേളനത്തിന് എത്താനാണ് സാദ്ധ്യത. അങ്ങനെ സംഭവിച്ചാൽ ടി.എസ്.ഏബ്രഹാം ബൈബിൾ കോളേജ് വിട്ടുകൊടുക്കുകയില്ല. സമ്മേളനം ഉഴപ്പും. കുര്യൻ ഹൈക്കോടതിയിൽ കൊടുത്ത കേസ്സിന്റെ അവധി ഒക്ടോബർ 31 ആണ്. തിരുവല്ല മുൻസിഫ് കോടതിയിലെ കേസ്സ് നവംബർ 7ന് കോടതി പരിഗണിക്കും. ഈ കേസ്സുകളുടെ വിധിയും നിർണ്ണായകമാണ്.

# കൊറ്റനാട് ഐ.പി.സിയിൽ ഭിന്നത രൂക്ഷം

ബിജു ഐസക്ക് എന്ന പ്രകൃതിവിരുദ്ധനുമായി ബന്ധപ്പെട്ട പ്രശ്നം കൊറ്റനാട് ഐ.പി.സി. സഭയിൽ ഭിന്നതയ്ക്ക് കാരണമായിരിക്കയാണ്. ബിജു ഐസക്ക് ചെയ്തതൊക്കെ പീഡനത്തിനിരയായ കുട്ടി പ്രസ്ബിറ്ററിയിൽ വരെ വിവരിച്ചതാണ്. ഇതിന്റെ വെളിച്ചത്തിൽ കൊറ്റനാട് സഭയുടെ ഇപ്പോഴത്തെ പാസ്റ്റർ നിയമനടപടികൾ സ്വീകരിച്ചു. പക്ഷേ, ഒന്നും നടന്നിട്ടില്ല എന്നാണ് ആ കുട്ടിയും വീട്ടുകാരും ഇപ്പോൾ പറയുന്നത്. അതോടെ പാസ്റ്റർ വെട്ടിലായി. സഭക്കാർ ഒരു വശത്ത്. സഭാനേതൃത്വത്തിന്റെ ഭീഷണി മറുവശത്ത്. പ്രശ്നം മൂത്തപ്പോൾ നാട്ടുകാർ ഇടപെട്ടു. അങ്ങനെ ഈ നാറ്റക്കേസ് പഞ്ചായത്തിലുമെത്തി. ഏതായാലും ഇപ്പോൾ കൊറ്റനാട് ഭാഗത്ത് ഐ.പി.സിക്ക് അത്യുഗ്രൻ പേരാണ്.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3022356
മൊബൈൽ: 94474 14608

# കൊടുങ്കാറ്റിനാര് പേരിടും?

കത്രീന, റീത്ത, വിൽമ എന്നൊക്കെയുള്ള പേരുകളിൽ കൊടുങ്കാറ്റുകൾ നാശം വിതയ്ക്കുന്ന കാലമാണിത്. പക്ഷേ, ഈ കൊടുങ്കാറ്റുകൾക്ക് എങ്ങനെയാണ് ഈ പേരുകൾ ലഭിച്ചതെന്ന് എത്രപേർക്കറിയാം?

അന്റ്ലാന്റിക് സമുദ്രം, പൂർവ്വ ശാന്ത സമുദ്രം എന്നീ പ്രദേശങ്ങളിൽ രൂപം കൊള്ളുന്ന കൊടുങ്കാറ്റുകളെ hurricane എന്നാണ് വിളിക്കുന്നത്. എന്നാൽ പശ്ചിമ ഉത്തര ശാന്ത സമുദ്രത്തിലും ഫിലിപ്പിയൻസിലും മറ്റും ഇത് typhoons ആകും. ദക്ഷിണ ശാന്ത സമുദ്രത്തിലും ഇന്ത്യൻ മഹാസമുദ്രത്തിലും ഉത്ഭവിക്കുന്ന കൊടുങ്കാറ്റുകൾ cyclones ആണ്. പേരിൽ വ്യത്യാസമുണ്ടെങ്കിലും ഫലത്തിൽ ഒന്നുതന്നെ.

1953 മുതലാണ് കൊടുങ്കാറ്റുകൾക്ക് പേരിടാൻ തുടങ്ങിയത്. ട്രോപ്പിക്കൽ പ്രെഡിക്ഷൻ സെന്ററാണ് കൊടുങ്കാറ്റുകൾക്കു നൽകാനുള്ള പേരുകൾ നിശ്ചയിക്കുന്നത്.

കൊടുങ്കാറ്റ് ഉത്ഭവിച്ച ശേഷം പേര് കണ്ടെത്തുകയല്ല മറിച്ച് പേരുകൾ മുൻകൂട്ടി നിശ്ചയിച്ചു പരസ്യപ്പെടുത്തുകയും കാറ്റ് ഉണ്ടാകുന്ന മുറയ്ക്ക് ഈ പേരുകൾ നൽകുകയുമാണ് ചെയ്യുന്നത്. ഏരിയാ തിരിച്ച് വിവിധ പേരുകൾ തീരുമാനിക്കും. ഉദാഹരണമായി, 1999-2004 കാലത്ത് പൂർവ്വ ശാന്തസമുദ്ര പ്രദേശത്തും അറ്റ്ലാന്റിക് പ്രദേശത്തും അടിച്ച കാറ്റുകളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നത് നോക്കുക.

ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലാണ് പേരുകൾ ക്രമീകരിക്കുക. കാറ്റ് ഉത്ഭവിക്കുന്ന മുറയ്ക്ക് ഈ പേരുകൾ നൽകും.

സ്ത്രീകളുടെ പേരു മാത്രം കൊടുങ്കാറ്റുകൾക്കു നൽകുന്നതിനേക്കുറിച്ച് ഒരു പ്രമുഖ വ്യക്തി പരാതിപ്പെട്ടതായി പത്രത്തിൽ കണ്ടു. ഇത് ഒരു തെറ്റിദ്ധാരണയാണെന്ന് ലിസ്റ്റ് പരിശോധിച്ചാൽ മനസ്സിലാകും. പുരുഷൻമാരുടേയും സ്ത്രീകളുടേയും പേരുകൾ ഒന്നിടവിട്ടാണ് കൊടുത്തിരിക്കുന്നത്. അടുത്തയിടെ ഉണ്ടായ മൂന്നു കൊടുങ്കാറ്റുകൾക്കും സ്ത്രീകളുടെ പേരു ലഭിച്ചത് യാദൃശ്ചികമാണെന്ന് ചുരുക്കം.

നീളക്കുറവുള്ളതും ഉച്ചരിക്കാൻ എളുപ്പമുള്ളതുമായ പേരുകളാണ് തെരഞ്ഞെടുക്കുക. ഒരേ സമയം ഒന്നിലധികം കാറ്റുകൾ ഉണ്ടാകുമ്പോൾ അവയെ തിരിച്ചറിയാൻ പേരുകൾ ഉപകരിക്കും. കൂടാതെ, ചരിത്രകാരൻമാർക്കും കാലാവസ്ഥാ ഗവേഷകർക്കും മറ്റും ഈ കാറ്റുകളേക്കുറിച്ച് പരാമർശിക്കാൻ പേരുകൾ ആവശ്യമാണ്. ഏതു പ്രദേശത്തുണ്ടായ കാറ്റാണെന്നും പേരിൽ നിന്ന് മനസ്സിലാക്കാം.

### Eastern Pacific Storm Names for 1999-2004

| 1999 | 2000 | 2001 | 2002 | 2003 | 2004 |
|---|---|---|---|---|---|
| Adrian | Aletta | Adolph | Alma | Andres | Agatha |
| Beatriz | Bud | Barbara | Boris | Blanca | Blas |
| Calvin | Carlotta | Cosme | Cristina | Carlos | Celia |
| Dora | Daniel | Dalilia | Douglas | Dolores | Darby |
| Eugene | Emilia | Erick | Elids | Enrique | Estelle |
| Fernanda | Fabio | Flossie | Fausto | Felicia | Frank |
| Greg | Gilma | Gil | Genevieve | Guillermo | Georgette |
| Hilary | Hector | Henriette | Hernan | Hilda | Howard |
| Irwin | Ilerna | Israel | Iselle | Ignacio | Isis |
| Jova | John | Juliette | Julio | Jimena | Javier |
| Kenneth | Kristy | Kiko | Kenna | Kevin | Kay |
| Lidia | Lane | Lorena | Lowell | Linda | Lester |
| Max | Miriam | Manuel | Marie | Marty | Madeline |
| Norma | Norman | Narda | Norbert | Nora | Newton |
| Otis | Olivia | Octave | Odile | Olaf | Orlene |
| Pilar | Paul | Priscilla | Polo | Patricia | Paine |
| Ramon | Rosa | Raymond | Rachel | Rick | Roslyn |
| Selma | Sergio | Sonia | Simon | Sandra | Seymour |
| Todd | Tara | Tico | Trudy | Terry | Tina |
| Veronica | Vicente | Velma | Vance | Vivian | Virgil |
| Wiley | Willa | Wallis | Winnie | Waldo | Winifred |
| Xina | Xavier | Xina | Xavier | Xina | Xavier |
| York | Yolanda | York | Yolanda | York | Yolanda |
| Zelda | Zeke | Zelda | Zeke | Zelda | Zeke |

### Atlantic Storm Names for 1999-2004

| 1999 | 2000 | 2001 | 2002 | 2003 | 2004 |
|---|---|---|---|---|---|
| Arlene | Alberto | Allison | Arthur | Ana | Alex |
| Bret | Beryl | Barry | Bertha | Bill | Bonnie |
| Cindy | Chris | Chantal | Cristobal | Claudette | Charley |
| Dennis | Debby | Dean | Dolly | Danny | Danielle |
| Emily | Ernesto | Erin | Edouard | Erika | Earl |
| Floyd | Florence | Felix | Fay | Fabian | Frances |
| Gert | Gordon | Gabrielle | Gustav | Grace | Gaston |
| Harvey | Helene | Humberto | Hanna | Henri | Hermine |
| Irene | Isaac | Iris | Isidore | Isabel | Ivan |
| Jose | Joyce | Jerry | Josephine | Juan | Jeanne |
| Katrina | Keith | Karen | Kyle | Kate | Karl |
| Lenny | Leslie | Lorenzo | Lili | Larry | Lisa |
| Maria | Michael | Michelle | Marco | Mindy | Matthew |
| Nate | Nadine | Noel | Nana | Nicholas | Nicole |
| Ophelia | Oscar | Olga | Omar | Odette | Otto |
| Philippe | Patty | Pablo | Paloma | Peter | Paula |
| Rita | Rafael | Rebekah | Rene | Rose | Richard |
| Stan | Sandy | Sebastien | Sally | Sam | Shary |
| Tammy | Tony | Tanya | Teddy | Teresa | Tomas |
| Vince | Valerie | Van | Vicky | Victor | Virginie |
| Wilma | William | Wendy | Wilfred | Wanda | Walter |

നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

### Atlantic Names for 2005 - 2010

| 2005 | 2006 | 2007 | 2008 | 2009 | 2010 |
|---|---|---|---|---|---|
| Arlene | Alberto | Andrea | Arthur | Ana | Alex |
| Bret | Beryl | Barry | Bertha | Bill | Bonnie |
| Cindy | Chris | Chantal | Cristobal | Claudette | Colin |
| Dennis | Debby | Dean | Dolly | Danny | Danielle |
| Emily | Ernesto | Erin | Edouard | Erika | Earl |
| Franklin | Florence | Felix | Fay | Fred | Fiona |
| Gert | Gordon | Gabrielle | Gustav | Grace | Gaston |
| Harvey | Helene | Humberto | Hanna | Henri | Hermine |
| Irene | Isaac | Ingrid | Ike | Ida | Igor |
| Jose | Joyce | Jerry | Josephine | Joaquin | Julia |
| Katrina | Kirk | Karen | Kyle | Kate | Karl |
| Lee | Leslie | Lorenzo | Laura | Larry | Lisa |
| Maria | Michael | Melissa | Marco | Mindy | Matthew |
| Nate | Nadine | Noel | Nana | Nicholas | Nicole |
| Ophelia | Oscar | Olga | Omar | Odette | Otto |
| Philippe | Patty | Pablo | Paloma | Peter | Paula |
| Rita | Rafael | Rebekah | Rene | Rose | Richard |
| Stan | Sandy | Sebastien | Sally | Sam | Shary |
| Tammy | Tony | Tanya | Teddy | Teresa | Tomas |
| Vince | Valerie | Van | Vicky | Victor | Virginie |
| Wilma | William | Wendy | Wilfred | Wanda | Walter |

വിലയേറിയ ആശംസ

ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

# അടുത്തതായി പാല് തിളപ്പിക്കൽ ശുശ്രൂഷ



എല്ലാം അങ്ങേ മഹത്വത്തിനായ്: റവ. ബോയ്ഡ് പുതിയ ഭവനത്തിന്റെ പാൽ തിളപ്പിക്കൽ ശുശ്രൂഷ നിർവ്വഹിക്കുന്നു.

പാൽ തിളപ്പിക്കൽ ശുശ്രൂഷ എന്ന് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. അങ്ങനെയൊരു ശുശ്രൂഷയുണ്ട്. സംശയമുള്ളവർ കെ.പി.തോമസ്കുട്ടി റാന്നിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന വചന ഘോഷണം എന്ന പത്രത്തിന്റെ ഒക്ടോബർ ലക്കം പേജ് 5 നോക്കുക. അവിടെയുള്ള ചിത്രവും അടിക്കുറിപ്പുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

റവ.ബോയ്ഡ് വി.ജോർജ് എന്നൊരാൾ ഏതോ ഒരാൾക്ക് ഒരു വീട് വെച്ചു കൊടുത്തു. (നല്ലകാര്യം). അത് മാലോകരെ അറിയിച്ചില്ലെങ്കിൽ മോശമല്ലേ. അതിന് ഒരു സപ്ലിമെന്റിറക്കി. അതിലുള്ള ഒരു ചിത്രമാണ് മുകളിൽ കാണുന്നത്.

ബോയ്ഡ് എന്താണ് ചെയ്യുന്നത്? ശുശ്രൂഷ ചെയ്യുന്നു. എന്തു ശുശ്രൂഷ? പാൽ തിളപ്പിക്കൽ ശുശ്രൂഷ. കഞ്ഞി വെയ്ക്കുകയായിരുന്നെങ്കിൽ അതിന് കഞ്ഞി വെയ്ക്കൽ ശുശ്രൂഷ എന്ന് പറയുമായിരുന്നു. അങ്ങനെ, മീൻപൊരിക്കൽ ശുശ്രൂഷ, ചമ്മന്തിയരക്കൽ ശുശ്രൂഷ, മോരുകലക്കൽ ശുശ്രൂഷ, ഉള്ളി പൊളിക്കൽ ശുശ്രൂഷ തുടങ്ങിയവയും ആകാം. പല്ലുതേക്കൽ ശുശ്രൂഷ, മൂത്രമൊഴിക്കൽ ശുശ്രൂഷ, പാന്റിടൽ ശുശ്രൂഷ, വണ്ടിയോടിക്കൽ ശുശ്രൂഷ തുടങ്ങിയവയൊക്കെ ദിവസവും ചെയ്യും.

ബോയ്ഡിന്റെ വിവിധ രൂപത്തിലും ഭാവത്തിലുമുള്ള പത്തു ചിത്രങ്ങൾ ഈ പത്രത്തിലുണ്ട്. സാബു ഏബ്രഹാമിന്റെ നാലു ചിത്രങ്ങൾ, എഡിറ്ററായ തോമസ്കുട്ടിയുടെ നാലു ചിത്രങ്ങൾ എന്നിവയടക്കം വിചിത്രമായ പലതുമുണ്ട്.

അവസാന പേജിൽ ''ഏലിയാവ് ഇന്നും ജീവിക്കുന്നു'' എന്ന തലക്കെട്ടിലുള്ള ലേഖനം ഒറ്റ പാരഗ്രാഫാണ്. മറ്റു ലേഖനങ്ങളും ഒന്നിനൊന്ന് മെച്ചമാണ്.

ശതാബ്ദിക്കെതിരെ പ്രതികരിച്ചത് അഭിനന്ദനാർഹം തന്നെ. പക്ഷേ, സ്വന്തം മകളെ ഭാര്യയാക്കി വെച്ചുകൊണ്ടിരിക്കുന്ന കുഞ്ഞൂട്ടിയെന്ന സി.വി.ജോണിനെ ഒഴിവാക്കേണ്ടതായിരുന്നു.

തോമസ്കുട്ടിയോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്:

മലയാളം അറിയാവുന്ന ആരെയെങ്കിലും കാണിച്ച് തെറ്റു തിരുത്തിയിട്ടു വേണം പത്രം അച്ചടിക്കുവാൻ. ഹൈസ്ക്കൂളിൽ മലയാളം പഠിപ്പിക്കുന്ന ഏതെങ്കിലും അദ്ധ്യാപകൻ മതിയാകും. പണ്ട് നിലത്തെഴുത്ത് പഠിക്കാൻ പറ്റാതെ പോയതിന്റെ വൈരാഗ്യം തോമസ് കുട്ടി ദയവായി മലയാളഭാഷയോട് ഈ വിധത്തിൽ തീർക്കരുത്. ഭാഷാസ്നേഹികൾ സഹിച്ചില്ലെന്നു വരാം.






# മത്തായി വീണ്ടും കുപ്പായം തുന്നുന്നു

മത്തായിക്കൊരാശ, ഓവർസിയറുടെ കസേരയിൽ ഒരിക്കൽക്കൂടി ഇരിക്കണം. കടലിലെ ഓളവും കരളിലെ മോഹവും അടങ്ങുകയില്ല എന്നാണല്ലോ കവി പറഞ്ഞിട്ടുള്ളത്. മത്തായിയുടെ കരളിലും മോഹം അടങ്ങുന്നില്ല. പക്ഷേ, ഒരു പ്രശ്നം: ഭാര്യയുടേയും മകനെന്ന് പറയപ്പെടുന്നവന്റേയും വിക്രിയകൾ ഇത്ര പരസ്യമായ സ്ഥിതിക്ക് ഇനി മോഹം പൂവണിയുമോ എന്ന കാര്യത്തിൽ മാത്രമേ സംശയമുള്ളൂ.

മറ്റു പെന്തക്കോസ്ത് സഭകളിൽ നേതാക്കൻമാരെ തെരഞ്ഞെടുക്കുകയാണ്. പക്ഷേ ചർച്ച് ഓഫ് ഗോഡിൽ അങ്ങനെയല്ല. അമേരിക്കയിലിരിക്കുന്ന സായിപ്പിന് മനസ്സിൽ പിടിച്ചവനെ ഓവർസിയറാക്കും. അതുകൊണ്ട് എങ്ങനെയെങ്കിലും സായിപ്പിന്റെ പ്രീതി സമ്പാദിക്കാൻ സാധിച്ചാൽ രക്ഷപ്പെട്ടു.

മത്തായി ശുദ്ധ പാവമാണ്. (അതുകൊണ്ടാണല്ലോ വല്ലവന്റേം കൊച്ചിന്റെ പിതൃത്വം ഏറ്റെടുക്കേണ്ടതായി വന്നത്). സായിപ്പിന് മത്തായിയെ ഇഷ്ടപ്പെടും എന്നതിന് സംശയമില്ല. അതുകൊണ്ട് ഒരുവട്ടം കൂടി ഓവർസിയറുടെ കസേരയിൽ ഇരിക്കാൻ കഴിയുകയും ചെയ്തേക്കാം. പക്ഷേ, പ്രശ്നം അവിടെകൊണ്ട് തീരുകയില്ല എന്നു മാത്രമല്ല തുടങ്ങുകയേ ഉള്ളൂ.

മത്തായിയുടെ വാമഭാഗത്തിന്റെ വിക്രിയകൾ അങ്ങാടിപ്പാട്ടായിക്കഴിഞ്ഞു. ഇനി ഓവർസിയർ എന്ന പേരും പേറി ബോംബെയിൽ വിലസുക അത്ര എളുപ്പമല്ല. സംഗതി ആരും അറിഞ്ഞിട്ടില്ല എന്നാണ് മത്തായി കരുതുന്നതെങ്കിൽ തെറ്റി. അറിയേണ്ടവരെല്ലാം കാര്യം അറിഞ്ഞു കഴിഞ്ഞു. അതുകൊണ്ട് ഇനി പഴയതുപോലെ വിലസാനാവില്ല എന്നു ചുരുക്കം.

വാമഭാഗത്തിന്റെ കഥ മാത്രമല്ല പ്രിയ പുത്രന്റെ അവതാര രഹസ്യവും മാലോകർ അറിഞ്ഞു കഴിഞ്ഞു. (പുത്രൻ പൂനയിൽ എന്താണ് ചെയ്തതെന്ന് ഡിഫെൻഡർ പിന്നാലെ പറയാം). ഇത്രയുമൊക്കെ ഗുണഗണങ്ങളുള്ള മത്തായിക്ക് ഓവർസിയറുടെ കസേരയിൽ ഇരിക്കാൻ യോഗ്യതയുണ്ടോ എന്ന് പൊതുജനം വിധിക്കട്ടെ.

ഭാര്യയേയും മക്കളേയും അനുസരണത്തിൽ പാലിക്കാൻ കഴിവില്ലാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? അവിഹിതക്കാരിയായ ഭാര്യയും ആ വകയിൽ സമ്പാദിച്ച മകനുമായിരുന്ന് മത്തായിക്ക് എങ്ങനെ സഭയെ ഭരിക്കാനാവും? അതുകൊണ്ട് ഇനി ഒരിക്കൽക്കൂടി ഓവർസിയറാകാനുള്ള പൂതി ഉപേക്ഷിക്കയാണ് ബുദ്ധി. അല്ലെങ്കിൽ നാണംകെട്ട് ഇറങ്ങിപ്പോകേണ്ടതായി വരും.

# മേഴ്സി ബാബു ആണോ പെണ്ണോ?

എം.ആർ.രാധ എം.ജി.രാമചന്ദ്രനെ വെടിവെച്ചു എന്നു കേട്ടപ്പോൾ രാധയെന്നു പേരുള്ള ഒരു സ്ത്രീ എം.ജി.ആറിനെ വെടിവെച്ചു എന്നാണ് മിക്കവരും ധരിച്ചത്. അത് തികച്ചും സ്വാഭാവികം. കാരണം, രാധ എന്നത് പെണ്ണിന്റെ പേരാണല്ലോ. അത് ഒരു ആൺപിറന്നോനാണെന്ന് സൂചിപ്പിക്കുന്ന ഒന്നും ആ പേരിലില്ല.

മേഴ്സി രവി സ്ത്രീയാണെന്ന് പേരു കേട്ടാൽ അറിയാം. രവിയുടെ ഭാര്യയായ മേഴ്സി. അതുകൊണ്ട് ചോദിക്കട്ടെ, മേഴ്സി ബാബു ആണോ പെണ്ണോ? പെണ്ണ് എന്ന് ചാടിക്കേറി പറയുന്നവർ സൂക്ഷിക്കുക, ചിലപ്പോൾ നിങ്ങൾക്ക് തെറ്റു പറ്റിയെന്നു വരാം. കാരണം, മേഴ്സി ബാബു ആണോ പെണ്ണോ നപുംസകമോ ആകാം എന്നതുതന്നെ.

മേഴ്സി ബാബു എന്നു പേരുള്ള നൂറു കണക്കിന് സ്ത്രീകൾ കേരളത്തിലുണ്ട്. അവരുടെ പിതാവിന്റെയോ ഭർത്താവിന്റെയോ പേര് ബാബു എന്നായിരിക്കും. മേഴ്സി എന്നത് അവരുടെ സ്വന്തം പേരും. പക്ഷേ, മേഴ്സി ബാബു എന്ന പേരിൽ ഒരു പുരുഷനോ നപുംസകമോ ഈ ലോകത്തുള്ളതായി മിക്കവരും അറിഞ്ഞിരിക്കാൻ ഇടയില്ല. പക്ഷേ, അങ്ങനെയൊരാൾ ഈ ദുനിയാവിൽ ഉണ്ട്. ആള് നപുംസകമാണെന്നാണ് പ്രവർത്തികൊണ്ട് മനസ്സിലാകുന്നത്. ഈ ചങ്ങാതിയെ മത്തായിക്കറിയാം. മത്തായിയുടെ മകൻ വ്യഭിചാരക്കേസ്സിൽ പിടിയിലായപ്പോൾ രക്ഷപെടുത്തിയത് ഈ രണ്ടുംകെട്ടവനാണ്. ഇയാളേക്കുറിച്ച് ചിലതൊക്കെ പറയാനുണ്ട്. അത് പിന്നാലെ അല്പം വിശദമായി പറയാം.

